# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P-14)2120/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P-14)2120/2022. തീയ്യതി: 27/03/2023

## തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 05-12-2022 | 14-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-12-2022 | 14-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി.പി.വി. ഓഡിറ്റ് ഓഫീസർ
സുനിൽ.പി.ബി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ.കെ.സി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ആതിര.സി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മോഹൻ തൊഴക്കാട് | പ്രസിഡന്റ് | 01-04-2021 | 28-02-2022 |
| ഹേമലത സുകുമാരൻ | പ്രസിഡന്റ് | 01-03-2022 | 20-03-2022 |
| ഷിജു (സൈമൺ നമ്പാടൻ) | പ്രസിഡന്റ് | 21-03-2022 | 31-03-2022 |
| ദിനേഷ്.എം.കെ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ് കുമാർ.പി. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. അരുൺ റാഫേൽ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| സരിത.കെ.എ. | അസി. എൻജിനീയർ | 01-04-2021 | 31-03-2022 |
| ശകുന്തള.ടി.എം. | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, | 01-04-2021 | 31-03-2022 |
| കവിത.പി.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഗിരീഷ്. കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ജിബിന.എം. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ലിഡിയ | മെഡിക്കൽ ഓഫീസർ,FHC (ഇൻ ചാർജ്ജ്) | 01-04-2021 | 03-08-2021 |
| ഡോ.അനുപമ | മെഡിക്കൽ ഓഫീസർ,FHC | 04-08-2021 | 31-03-2022 |
| ശ്യാമള | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 30-04-2021 |
| ജിനു ലാസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ഇൻ ചാർജ്ജ്) | 01-05-2021 | 07-07-2021 |
| ദീപ ഫ്രാൻസീസ്.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-07-2021 | 31-03-2022 |
| സുമ. എം.എസ്. | വി.ഇ.ഓ. തൃക്കൂ ർ | 01-04-2021 | 29-06-2021 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| തസ്തിക ഒഴിവ് | വി.ഇ.ഒ (തൃക്കൂർ സർക്കിൾ) | 30-06-2021 | 03-10-2021 |
| നിഷ.പി.പി | വി ഇ ഒ (തൃക്കൂർ സർക്കിൾ) | 04-10-2021 | 31-03-2022 |
| സുമ വി.ടി | വി ഇ ഒ (കല്ലൂർ സർക്കിൾ) | 01-04-2021 | 04-10-2021 |
| അനിൽ കുമാർ | വി ഇ ഒ (കല്ലൂർ സർക്കിൾ) | 05-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിലെ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി | 1-10-2 |
| 13 | Prior Period Item-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല | 1-10-3 |
| 14 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-4 |
| 15 | ആസ്തി രജിസ്റ്റർ | 1-10-5 |
| 16 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-10-6 |
| 17 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് | 1-10-7 |
| 18 | വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തില്ല | 1-10-8 |
| 19 | Capital Work In Progress-തുകകൾ പൊരുത്തപ്പെടുന്നില്ല | 1-10-9 |
| 20 | രാജീവാ ഗാന്ധി സമ്പൂർണ്ണ വായ്പാ പദ്ധതി | 1-10-10 |
| 21 | തൊഴിലുറപ്പു പദ്ധതി | 1-10-11 |
| 22 | ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- അപാകതകൾ | 1-11 |
| 23 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 24 | വസ്തു നികുതി പിരിവിലെ അപാകതകൾ | 1-13 |
| 25 | മത്സ്യ ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് | 1-14 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല | |
| 26 | മരണപ്പെട്ടവർക്കും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നു | 1-15 |
| 27 | സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 28 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-17 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 1-18 |
| 30 | ആശ്രയ പദ്ധതി | 1-19 |
| 31 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 32 | കന്നുകുട്ടി പരിപാലന പദ്ധതി | 1-21 |
| 33 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം,ലേല നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 34 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 35 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 1-24 |
| 36 | സർക്കാർ നിർദ്ദേശം ലംഘിച്ച് ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ഇല്ലാതെ കുടിവെള്ളം വിതരണം | 1-25 |
| 37 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടെക്നിക്കൽ അസിസ്റ്റന്റിന്- ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-26 |
| 38 | കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 16/02/2021 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 26,47,84,232 | 26,04,93,000 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 28/02/2022<br><br>4(6) | |
| കമ്മിറ്റി തീരുമാനം | 4(6) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 20,91,88,128 | 20,07,59,010 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 18-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,94,88,325 |
| വരവ് | 8,18,26,586 |
| ആകെ | 10,13,14,911 |
| ചെലവ് | 8,57,27,852 |
| നീക്കിയിരിപ്പ് | 1,55,87,059 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14494334 | 14494334 | 14494334 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5420999 | 5420999 | 4854999 | 566000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 12700 | 12700 | 0 | 12700 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 15047300 | 15047300 | 8078207 | 6969093 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7877592 | 7877592 | 5438920 | 2438672 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7317290 | 7317290 | 5204017 | 2113273 |

| | | | | | |
|---|---|---|---|---|---|
| -ടൈഡ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് (ACR പ്രകാരം) | 0 | 3426062 | 3426062 | 3303671 | 122391 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 204 | 103545131 | 185 | 62039508 | 67 | 19 | 90.68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22,944.65 | 5,24,814 | 5,47,758.65 | 5,47,758.65 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,59,39,460 | 3,56,41,917 | 3,56,41,917 | 0 |

തൊഴിലുറപ്പ് കണക്കുകളിലെ അപാകതകൾ സംബന്ധിച്ച് ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ 1-10-11 നമ്പർ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2040 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 7660000 | 478 |
| വിധവാ പെൻഷൻ | 18331200 | 1187 |
| വാർദ്ധക്യകാല പെൻഷൻ | 39134200 | 2637 |
| വികലാംഗപെൻഷൻ | 5924800 | 379 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1851200 | 114 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-12-2022 തീയതിയിൽ 4.03 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 105767/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും ഏറെകുറെ കൃത്യതയോടെ പരിപാലിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ

സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമായി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി പൂർത്തികരിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നു. ഇരിപ്പിട സൗകര്യം, കുടിവെള്ള സൗകര്യം, എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. കൺട്രോളിംഗ് ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പ്രസിഡണ്ടിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപികരിച്ചിട്ടുണ്ട്. ആയതിൽ ക്രയവിക്രയങ്ങൾ നടക്കുന്നില്ല. വർഷംതോറും പലിശ ക്യാരി ഓവർ ചെയ്യുന്നതായി കാണുന്നു. ഗ്രാമ പഞ്ചായത്തിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ തുലോം കുറവാണ്. മത്സാരാധിഷ്ഠിത ടെണ്ടറുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പ്രോജക്ടുകളുടെ രൂപികരണ, നിർവ്വഹണ, പൂർത്തീകരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് സമിതികളുടെ കാര്യമായ ഇടപ്പെടലുകൾ കാണുന്നില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ പേരിൽ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വിതരണം ചെയ്യുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. പോരായ്മകൾ പരിഹരിക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.1/07.12.2022)

### 1-10-1 വാർഷിക ധനകാര്യപത്രികയിലെ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

### 1-10-2 വസ്തു നികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.10.2.1 തൻവർഷം

1.10. 2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 29,12,434 | 2888050 | 10236 | 21216 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29,12,434 | 14,66,673 | 10236 | 22,216* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(22297 /105X100)= 21235 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് |

| | | | | |
|---|---|---|---|---|
| | | | | സഞ്ചയയിലെ തുക എടുക്കുന്നു |

1.10.2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 19,65,887, | 19,27,994 | 10,306 | 31,366 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 19,65,887 | 96,812 | 10306 | 31,366* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *(32938 /105X100)= 31370 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.10.2.2കുടിശ്ശിക

1.10.2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 114320 | 49619 | 64752 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1,14,326 * | 49619 | 64752** |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (46753+73290=120043/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (68053/105X100)= 64812, |

1.10.2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 91306 | 30687 | 60649 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 91317 | 30687 | 60649 |
| | ( 2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(57300+38583= 9195883/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(63687/105X100)=.60654, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.10.2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ഡിമാന്റ് കുറവ് | ബാക്കി |
|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | ചെയ്തത് | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 148433 | 5844 | 154277 | 146958 | 2518 | 149476 | 587 | | 1081 | 3301 | 4385 |
| | നോൺ-റെസിഡൻഷ്യൽ | 98900 | 4593 | 103493 | 1540 | 96965 | 98505 | 523 | | 3038 | 1572 | 4617 |
| | ആകെ | | | 257770 | | | 247981 | 1110 | | 9002 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 257763 | | | 2,48,425 | | | | 2,48,771 | 8992 | | |
| | | 10430+148433+98900 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.10.2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

1.10.2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 11811 | 349545 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 8693 | 70116 |

1.10.2.6 1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 198 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1.10.2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,48,425 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 247981 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 2,48,771 രൂപയാണ്. (വൗച്ചർ 42100285, തീ 31.03.22 &42100286 തീ 31.03.22 (238845+9926=248771)) (പട്ടിക 2.3 കാണുക )

1.10.2.8 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 231 | 10236 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 10306 |

1.10.2.9 .തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 30,889.രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.10.2.9.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100278 | 31.03.22 | 16,853 |

1.10.2.9.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100279 | 31.03.22 | 14,036 |

## 1-10-3 Prior Period Item-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം

നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 14870 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 14036 |
| 280200102-Prior Period Profession Tax-Instiutions/Professionals/Traders | (-)26000 |
| 280800501-Prior Period- Programme Expenses | (-)89725 |

## 1-10-4 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-5 ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)39,01,266 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1,01,08,270രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-7 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ്

31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 50,000രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 5,76,219രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-10-8 വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10-9 Capital Work In Progress-തുകകൾ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 42,22,459രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 25,87,618രൂപ യാണ്.

## 1-10-10 രാജീവാ ഗാന്ധി സമ്പൂർണ്ണ വായ്പാ പദ്ധതി

രാജീവാ ഗാന്ധി സമ്പൂർണ്ണ വായ്പാ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, പുതുക്കാട് ശാഖയിലെ 800081911160 വായ്പാ അക്കൗണ്ട് പ്രകാരം ₹ 2,20,00,000/- വായ്പ അനുവദിച്ചിട്ടുള്ളതും ആയതിലേയ്ക്ക് 2021-22 വർഷത്തിൽ പ്രോജ്ക്ട് നം.3/22 രാജീവ് ഗാന്ധി ഭവന പദ്ധതി വായ്പ തിരിച്ചടവ് പ്രകാരം ₹15,00,000/- മുതൽ ഇനത്തിലും, ₹7,95,070 പലിശ ഇനത്തിലും തരിച്ചടവ് ഉണ്ടായിട്ടുള്ളതുമാണ്. എന്നാൽ 330500102 നമ്പർ ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം 42100289/31.03.22 വൌച്ചർ മുഖേനെ ആകെ 15,59,757/- തിരിച്ചടവ് രേഖപ്പെടുത്തിയിരിക്കുന്നു. വാർഷിക കണക്കുപ്രകാരവും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ പ്രകാരമവും 31.03.22ന് തിരിച്ചടയ്ക്കുന്നതിന് അവശേഷിക്കുന്ന തുകയായി കാണിച്ചിരിക്കുന്നത് ₹74,74,143/- എന്നാണ്. എന്നാൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, പുതുക്കാട് ശാഖയിലെ 800081911160 വായ്പാ അക്കൗണ്ട് പ്രകാരം പാസ് ഷീറ്റ് പ്രകാരം 31.03.22ന് തിരിച്ചടയ്ക്കുന്നതിന് അവശേഷിക്കുന്ന തുക ₹74,59,951/- എന്നതാണ്. വ്യത്യാസങ്ങൾക്കുള്ള കാരണം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി അറിയിക്കേണ്ടതാണ്.

## 1-10-11 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്ക്, ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക ഷെഡ്യൂൾ I-6, 160100601- NREGA ശീർഷകത്തിൽ ₹3,59,39,460 വരവും, ഷെഡ്യൂൾ I-14 (A), 251300801-Total Poverty Alleviation Programs-General ശീർഷകത്തിൽ ₹3,59,39,460 ചെലവും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ NREGA ഹാജരാക്കിയ കണക്ക് പ്രകാരം ₹3,61,59,557 ചെലവ് കാണിച്ചിരിക്കുന്നു. കണക്കിലുള്ള ഈ വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 ൽ 400 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട് . ഗ്രാമ പഞ്ചായത്തിലെ കെട്ടിടവിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 1594 കെട്ടിടങ്ങൾക്ക് ഗാർഹികേതര ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണവും, മേൽ പറഞ്ഞപ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെയുള്ള ഉപയോഗക്രമമുള്ള കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ അന്തരമുള്ളതാണ്. ഭരണ സമിതിയുടെ 21.06.21 ലെ 14(6) തീരുമാന പ്രകാരം തൃക്കൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്മേലുള്ള തുടർനടപടി വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുകയും, ആയതിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം മുഴവൻ ലഭ്യമായിട്ടുണ്ടോ എന്നും, നിയമാനുസൃതമായ എല്ലാ നിബന്ധനകളും പാലിച്ചാണോ ഗ്രാമപഞ്ചായത്ത് പരിതിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപങ്ങൾ നിലനില്ക്കുന്നതെന്നും പരിശോധിച്ചുറപ്പുവരുത്താനാകുന്നില്ല.

വാർഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലൈസൻസ് ഉറപ്പാക്കേണ്ടതുമാണ്.

2) ഭൂരിപക്ഷ അപേക്ഷകളിലും സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ അപേക്ഷകർ

രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷയുടെ കൂടെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിന് സെക്രട്ടറി 1.4.21 ന് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ലഭ്യമല്ല. ടി സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ട്.

| ഉടമ/സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ |
|---|---|
| കെ.ഡി ആന്ദൻ/ലക്ഷ്മി സെറാമിക്ക്സ് | 12/253 |
| കെ.ഡി ഗോപി/ലക്ഷ്മി സെറാമിക്ക്സ് | 12/254 |
| കെ.ആർ ഗോപാലൻ/ലക്ഷ്മി സെറാമിക്ക്സ് | 12/255 |
| ഹരിദാസ്/ചൈത്രം സെറാമിക്ക്സ് | 1/86 |

മേൽ സ്ഥാപനങ്ങളുടെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 2/7.12.22)

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| പനം/ഉടമസ്ഥൻ | കെട്ടിട നമ്പർ | സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം |
|---|---|---|
| എലൈറ്റ് സൂപ്പർ മാർക്കറ്റ്/ടി.ആർ വിജയകുമാർ | 2/533,534 | 15 |
| ന്യൂ കൈരളി സൂപ്പർ മാർക്കറ്റ്/ഷിജു വി.കെ | 2/5E,5C | 6 |
| യൂണിക്ക് എന്റർപ്രൈസസ്/ജോസ് ടി.കെ | 2/536-A,B | 5 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/7.12.22 നല്കിയതിന്റെ അടിസ്ഥാനത്തിൽ എലൈറ്റ് സൂപ്പർ മാർക്കറ്റ് 14.12.22നും, ന്യൂ കൈരളി സൂപ്പർ മാർക്കറ്റ്/ഷിജു വി.കെ, യൂണിക്ക് എന്റർപ്രൈസസ്/ജോസ് ടി.കെ. എന്നിവർ 12.12.22നും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. ഭാവിയിൽ യഥാസമയം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-13 വസ്തു നികുതി പിരിവിലെ അപാകതകൾ

1) സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 14/478A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്,എസ്.എ റോഡ്,കടവന്ത്ര | 2019-1st Half& 11nd Half,<br>2020-1st Half& 11nd Half,<br>2021-1st Half& 11nd Half | 22,374/- |

2) 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 30/-രൂപ നിരക്കിലും, 100

ചതുരശ്ര മീറ്ററിന് മുകളിലുള്ളവയ്ക്ക് 50/-രൂപ നിരക്കിലും വസ്തുനികുതി കണക്കാക്കാനാണ് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/114 | സി.സി വില്യം വർഗ്ഗീസ് | ഷോപ്പുകൾ | 392 $M^2$ |
| 2 | 2/513 | ലില്ലി | ഷോപ്പ് | 139.4 $M^2$ |
| 3 | 4/278/C | ബിന്ദു, സിനിത, ജോൺസൺ, ആൽഫ്രഡ് ബാബു | ഗോഡൌൺ | 172.83 |
| 4 | 14/266/A | ഷാജു | ഷോപ്പുകൾ | 106.4 |

3) സഞ്ചയ സോഫ്റ്റ് വെയറിൽ പഞ്ചായത്തിലെ 14-ാം വാർഡ് മാത്രം പരിശോധിച്ചതിൽ, താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി നിർണയം നടത്തിയെങ്കിലും നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം(ച.മീ) |
|---|---|---|---|---|
| 1 | 14/23 | സിസിലി | പാർപ്പിടാവശ്യം | 69 |
| 2 | 14/505 | സിജോ ജോസ് | പാർപ്പിടാവശ്യം | 100 |
| 3 | 14/127 | ആന്റു | പാർപ്പിടാവശ്യം | 65 |
| 4 | 14/110 | മാത്യു | പാർപ്പിടാവശ്യം | 130 |
| 5 | 14/20 | ജോണി സി.എ | പാർപ്പിടാവശ്യം | 100 |

4) പഞ്ചായത്തിൽ നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. 1-ാം വാർഡിലെ ആദ്യ 20 കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെ പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിമോളിഷ്ഡ് കെട്ടിടങ്ങളുടെ ലിസ്റ്റിലും ടി കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല.

| വാർഡ് 1 | | |
|---|---|---|
| Missing From | Missing To | Missing Total |
| 1 | 6 | 6 |

5) 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിട നമ്പർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം/ലൈസൻസി | കെട്ടിട ഉടമ | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|
| 8/17 | ശ്രീലക്ഷ്മി കോൺക്രീറ്റ് വർക്ക്സ്/അജിത ഉണ്ണികൃഷ്ണൻ | മറിയം, പോൾസൻ കെ കെ | പാർപ്പിടം-വീട് |
| 8/42 | സുവീഷ് കോൺക്രീറ്റ് /ജെസൺ എം.സി | ജെയ്സൺ | പാർപ്പിടം-വീട് |

| | | | |
|---|---|---|---|
| 14/338B | റിന്റോ ഫ്ലവർ മില്ല്/എം.കെ എമിലി | റാഫേൽ | പാർപ്പിടം-വീട് |

6) ഗ്രാമപഞ്ചായത്തിൽ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് 14,15 മാത്രം പരിശോധിച്ചതിൽ ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | പ്രദേശം | മേഖല |
|---|---|---|---|
| 1 | 14/453 | മഹാത്മ റോഡ് | പ്രഥമം |
| | 14/453B | മഹാത്മ റോഡ് | തൃതീയം |
| 2 | 15/5 | അമ്പലം ലെഫ്റ്റ് വഴി കനാൽ നായരങ്ങാടി കനാൽ നായ്ക്കൻ കോളനി റോഡ് | ദ്വിതീയം |
| | 15/6 | അമ്പലം ലെഫ്റ്റ് വഴി കനാൽ നായരങ്ങാടി കനാൽ നായ്ക്കൻ കോളനി റോഡ് | തൃതീയം |

അപാകതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനം പൂർണ്ണമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 4/8.12.22)

## 1-14 മത്സ്യ ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഭരണ സമിതിയുടെ 27.7.2021ലെ 1(3), 1(7) നമ്പർ തീരുമാനങ്ങൾ പ്രകാരം മാക്കില കുളം, ആളൂർ കുളം, അയ്യങ്കോട് കുളം, ഞെള്ളൂർ കുളം എന്നീ കുളങ്ങളിൽ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിച്ച മത്സ്യങ്ങളുടെ ലേലം 13.8.21ന് നടത്താൻ തീരുമാനിച്ചു. മത്സ്യലേലത്തിന്റെ ഫയലിൽ ലേല നോട്ടീസ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മത്സ്യലേലത്തിന്റെ ഫയലിൽ, ലേല ഡയറിയോ, ലേലം നടത്തിയതിന്റെ വിവരങ്ങളോ സൂക്ഷിച്ചിട്ടില്ല. മത്സ്യലേലം, ലേലത്തിൽ പങ്കെടുക്കുന്നതിനായി ആരും ഇല്ലാതിരുന്നതിനാൽ നടന്നില്ല എന്ന മറുപടിയാണ് സെക്രട്ടറി അറിയിച്ചത്. ഈ കാര്യത്തിൽ പുനർലേലത്തിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
(എൻക്വയറി നമ്പർ 9/9.12.22)

## 1-15 മരണപ്പെട്ടവർക്കും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നു

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 ലെ മരണറിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ മരണ ശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | അധികം നൽകിയ തുക | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | ആകെ തുക | | |
| 1 | ഗോപാലകൃഷ്ണൻ | 107440 203584 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9.4.21 | 63/2021/ 3.5.2021 | ആക്ടീവ് | 5/21 – 12/21, 1/22- 9/22 | 1600*17 | 27200 | പുത്തൂർ ഗ്രാമ പഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. |
| 2 | മോഹനൻ | 1077302 01353 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.4.21 | 66/21/13.5.21 | സസ്പെന്റഡ് | 5/21 – 11/21 | 1600*7 | 11200 | അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല. |
| 3 | ജോസ് മാത്തു | 107730 | ഇന്ദിരാ | 22.7.21 | 133/21/3.8.21 | സസ്പെന്റഡ് | 8/21- | 1600*5 | 8000 | അധികം |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 200469 | ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | | | 12/21 | | | നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല. |
| 4 | വേലായുധൻ | 107470 100282 | കർഷക തൊഴിലാളി പെൻഷൻ | 16.9.21 | 194/21 /30.10.21 | ആക്റ്റീവ് | 10/21-12/21, 1/22-9/122 | 1600*12 | 19200 | അവന്നൂർ ഗ്രാമ പഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. |
| 5 | ചന്ദ്രികമണി | 107730 201557 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.8.21 | 152/21/3.9.21 | ആക്റ്റീവ് | തുക കൈമാറിയിട്ടില്ല. | | | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടില്ല. |

മരണ റിപ്പോർട്ടുകൾ കൂടി വിശദമായി പരിശോധിച്ച് അനർഹമായി പെൻഷൻ കൈപ്പറ്റിയരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 12/12.12.22)

## 1-16 സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്

കല്ലൂർ വില്ലേജ് സർവ്വേ നമ്പർ 127-ൽ സെന്റ് മേരിസ് ക്വാറി എന്ന പേരിൽ ബിജു.പി. സെബാസ്റ്റ്യന് ലൈസൻസ് നമ്പർ: 03/2021-22 തിയതി:16.04.21-ആയി കരിങ്കൽ ക്വാറി നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ അനുമതി നല്കിയിട്ടുള്ളതാണ്. കരിങ്കൽ ക്വാറി നടത്തിപ്പിന് ലൈസൻസ് നല്കിയതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, സ്ഥാപനത്തിന് നല്കിയ എൻവയേൺമെന്റ് ക്ലിയറൻസ് ഓർഡർ നമ്പർ:B1/21378/2017/DEIA/TSR Dt.29.05.18 പ്രകാരം ആഘാത നിർണ്ണയ അതോറിറ്റി നല്കിയ ഉത്തരവിൽ SOCIAL ASPECTS എന്ന ഖണ്ഡികയിൽ പ്രതിവർഷം ₹8,75,000/- രൂപയുടെ സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ സ്ഥാപനം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, രേഖപ്പെടുത്തി വയ്ക്കുന്നതിനോ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിച്ച നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കാനുതകുന്ന ഒരു സംവിധാനം പഞ്ചായത്തിനില്ല. സി.എസ്.ആർ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന് ഉപയോഗപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.22/13.12.22)

## 1-17 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 45 H 653 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്,പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D1/PAN /2473/97/22 Dtd. 25/3/22 സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

പദ്ധതി നം 11/22

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. സെക്രട്ടറി

അടങ്കൽ 400000

ചെലവ് 250000 ബിൽ നം. 14/20-12-21, ബിൽ നം. 19/29-1-2022

പട്ടികജാതി വിഭാഗത്തിലെ രണ്ട് വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത

പഠനമുറി ഒരുക്കുന്നതിന് എസ് സി ഫണ്ട് 400000 രൂപ വകയിരുത്തിയിരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 250000 രൂപ താഴെ പറയും പ്രകാരം നല്കിയിട്ടുണ്ട്.

| ക്രമ നം | പേര് | നല്കിയ തുക/തിയ്യതി |
|---|---|---|
| 1 | ഷീല തിലകൻ | 100000/20-12-21<br>25000/25-2-22 |
| 2 | ശാലിത | 50000/29-1-22<br>75000/25-2-22 |

പഠനമുറിയുടെ നിർമ്മാണ പുരോഗതി അറിയുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/9-12-22)രണ്ട് ഗുണഭോക്താക്കളും തൃപ്തികരമായി പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ വാല്യൂവേഷൻ നടത്തി 2022-23 വർഷം ബാക്കി തുക നലകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ആശ്രയ പദ്ധതി

ആശ്രയ പദ്ധതി

പദ്ധതി നം 10/22

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. സെക്രട്ടറി

അടങ്കൽ 400000

ചെലവ് 200000 ബിൽ നം.17/29-1-22, 23/10-3-22

ആശ്രയ ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിന് ഗുണഭോക്താവായ ശ്രീമതി.ശാന്തകുമാരിയ്ക്ക് വീട് നിർമ്മിക്കുന്നതിനായി 2022-22 സാമ്പത്തിക വർഷത്തിൽ 400000 വകയിരുത്തുകയും 200000 രൂപ കുടുംബശ്രീ സി ഡി എസ് ന് മേൽ നം ബില്ലുകൾ പ്രകാരം നല്കിയിരുന്നു. ഭവനനിർമ്മാണ പുഗരോഗതി അറിയുന്നതിനു വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/9-12-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 31-3-2022 ന് മുൻപ് രണ്ട് ഗഡു മാത്രമാണ് നല്കിയിട്ടുള്ളത്. മൂന്നാം ഗഡു 160000 രൂപ 17.6.22 നം 40000 രൂപ പ്രവൃത്തി പൂർത്തികരിച്ച് 5-8-22 നം നല്കിയിരിക്കുന്നു എന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നം. 113/22

അടങ്കൽ 500000

ചെലവ് 500000

ട്രഷറി ബിൽ നം.13/2021-22 Dtd. 16.12.21. 240000/-

ട്രഷറി ബിൽ നം.21/2021-22 Dtd. 11.1.2022. 240000/

ട്രഷറി ബിൽ നം.24/2021-22 Dtd. 11.13.2022. 20000/

പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽ മേൽ ട്രഷറി ബില്ലുകൾ പ്രകാരമുള്ള തുകകൾ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയ്ക്ക് (6/9-12-22) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 199984 രൂപയുടെ മരുന്നുകൾ കൂടി ഈ പ്രൊജക്ടിൽ ലഭ്യമാവാനുണ്ട്.

കോവിഡ് 19 പ്രധിരോധ പ്രവർത്തനങ്ങൾ -മരുന്നു വാങ്ങൽ

പ്രോജക്ട് നം. 113/22

അടങ്കൽ 500000

ചെലവ് 500000

ട്രഷറി ബിൽ നം.16/2021-22 Dtd. 19.1.22. 76995/-

ട്രഷറി ബിൽ നം.17/2021-22 Dtd. 27.1.2022. 64822/

ട്രഷറി ബിൽ നം.19/2021-22 Dtd.9.2.226. 68411./

ട്രഷറി ബിൽ നം.25/2021-22 Dtd. 9.2.22 107589

കോവിഡ് 19 പ്രധിരോധ പ്രവർത്തനങ്ങൾ -മരുന്നു വാങ്ങൽ എന്ന പ്രൊജക്ടിൽ മേൽ ട്രഷറി ബില്ലുകൾ പ്രകാരമുള്ള തുകകൾ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി സ്റ്റ് (6/9-12-22) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 99171 രൂപയുടെ മരുന്നുകൾ കൂടി ഈ പ്രോജക്ടിൽ ലഭ്യമാവാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണം- പദ്ധതി.

പ്രോജക്ട് നം. 108/22

ട്രഷറി ബിൽ നം.20/28.2.22 217160/-

ട്രഷറി ബിൽ നം.23/28.2.22 240000/-

ട്രഷറി ബിൽ നം.28/23.3.22. 24120/ -

പാലിയേറ്റീവ് പരിചരണം എന്ന പ്രൊജക്ടിൽ മേൽ ട്രഷറി ബില്ലുകൾ പ്രകാരമുള്ള തുക മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.(6/9-12-22). ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 194018 രൂപയുടെ മരുന്നുകൾ കൂടി ഈ പ്രൊജക്ടിൽ ലഭ്യമാവാനുണ്ട്.

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കന്നുകുട്ടി പരിപാലന പദ്ധതി

കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം 32/22

അടങ്കൽ 762500

ചെലവ് 762500

ബിൽ നം. ബിൽ നം. 4/22 Dt. 20.12.2021, 5/15.1.2022

2021-22സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 762500 രൂപ എസ് എൽ ബി യ്ക്ക് മേൽ നം ബിൽ പ്രകാരം നൽകിയിട്ടുണ്ട്. 61 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ തൃക്കുർ സൊസൈറ്റിയുടെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾഅതാത് തിയ്യതിക്കു ശേഷം പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.

| ക്രമ നം | ഗുമഭോക്താവ് | കാലിത്തീറ്റ അവസാനം കൈപറ്റിയ തിയ്യതി |
|---|---|---|
| 1 | ശ്രീ . പീയൂസ്.കെ.ടി കവലക്കാട്ട് | 22-12-21 |
| 2 | ശ്രീ .ലിന്റോ തോമസ് | 22.12.2021 |
| 3 | ശ്രീ. ജോർജ്ജ്.ടി.എം | 17.6.22 |
| 4 | ശ്രീമതി .പ്രീത .എം.പി | 10.2.22 |
| 5 | ശ്രീമതി .പ്രിയ ബാബു, | 10.2.22 |
| 6 | ശ്രീമതി.രമണി പി.ജി | 18.4.22 |
| 7 | ശ്രീമതി. വിദ്യ അയ്യപ്പൻ | 16.6.22 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.9.12.2022) 12-12-2022ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പങ്കാളികളായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേയക്ക് അടവാക്കുന്നതിന് ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം,ലേല നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം പരിശോദനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം കണക്കാക്കി ലേല നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്, നമ്പർ | ട്രഷറി ബിൽ നം. തിയതി, തുക. | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് |
|---|---|---|---|
| 1. | മാവിൻചുവട് പുതിയ മുസ്ലീം പള്ളി മെയിന്റൻസ് . So139/22. | 1/2021 -22. Dtd.27.7.21. 150207/ - | 35.550m3. |
| 2. | വാരിയത്ത് റോഡ് റി -ടാറിംഗ്. So141/22. | 4/21 – 22 Dtd.23.9.21. 686243/ - | 42.081m3. |
| 3. | പാലക്കപ്പറമ്പ് ഞെള്ളൂർ റോഡ് ഡ്രെയിനേജ്. So216/22. | 17/21 -22. Dtd.5.2.22. 251974/ - | 49.97 M3. |
| 4. | മുട്ടൻസ് കരുവാൻകുന്ന് റോഡ് കാന നിർമ്മാണം.so105/22 | 29/21 -22. Dtd.10.3.22. 177530/ - | 42.00m3 |
| 5. | കാവല്ലൂർ സ്കൂൾ അയ്യങ്കോട് റോഡ് കാന നിർമ്മാണം. So97/22. | 30/21 -22. Dtd.18.3.22. | 94.98 M3.ആയതിൽ42.00m3മണ്ണ് വിനിയോഗിച്ചതായും 52.98 M3 മണ്ണ് സ്റ്റാക്ക് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6. | നേതാജി റോഡ് ഡ്രെയിനേജ്.so198/22. | 33/21 -22. Dtd.23.3.22. 176731. | 30.75 M3. |

കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം കണക്കാക്കി ലേല നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 16, തീ.12.12.2022)

## 1-23 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

ഷീ വർക്ക് സ്പേസ് ബ്ലോക്ക് പദ്ധതിയ്ക്കായി തുക കൈമാറൽ

പദ്ധതി നം 206/22

അടങ്കൽ 100000

ചെലവ് 100000 ചെക്ക് നം-5365316/14-2-22

വനിതകൾക്ക് ഐ ടി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കൊടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ഷീ വർക്ക് സ്പേസ് എന്ന പദ്ധതിയിലേയ്ക്കായി പഞ്ചായത്ത് വിവഹിതം കൈമാറുന്നതിനായി കൊടകര ബ്ലോക്ക പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 100000 രൂപ കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കണമെന്ന് അറിയിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. (നം.7, തീ.9.12.22)

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

## 1-24 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേരുവിവരം | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | |
|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 117/22 സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 22101622/ 31.03.22 | 145373 (46278+49190+49905) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | 22101634/ 31.03.22 | 8546 | |
| | | 22101635/ 31.03.22 | 201767 | |
| കേരള വാട്ടർ അതോറിറ്റി | 118/22അയ്യപ്പൻകുന്ന് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറുന്നു | 22101624 | 1777500 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 243/22സ്ട്രീറ്റ് മെയിൻ വലിക്കലിനും പോസ്റ്റ് മാറ്റലിനും തുക ഡെപ്പോസിറ്റ് ചെയ്യൽ | 22101636/ 31.03.22 | 2,14,233 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | 22101637/ 31.03.22 | 1,84,476 | |
| | | 221016401/ 31.03.22 | 38,497 | |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 247/22ആദൂർ ശ്മശാനത്തിൽ കുഴൽ കിണർ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 22101349/ 15.02.22 | 1935 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | 22101589/ 17.03.22 | 99000 | |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 254/22പി എച്ച് സി യിലേയ്ക്ക് കുഴൽ കിണർ നിർമ്മാണം ഗ്രൗണ്ട് വാട്ടർ അതോറിറിറിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 22101333/ 01.02.22 | 1935 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| | | 22101585/ 16.03.22 | 61000 | |
| കേരള വാട്ടർ അതോറിറ്റി | അയ്യപ്പൻകുന്ന് മോട്ടോർ വാങ്ങൽ അധിക തുക ഡെപ്പോസിറ്റ് ചെയ്യൽ | 22101591/ 19.03.22 | 155903 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | 22101470/ 21.03.22 | 66597 | തനത് ഫണ്ട് |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 6/22 കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ | 22101318/ 21.01.22 | 2,00,000 | വികസന ഫണ്ട് - പൊതു വിഭാഗം |
| ഇൻഫർമേഷൻ കേരള മിഷൻ | 18/22 IKMന് വിഹിതം | 22101170/ 17.07.21 | 72,405 | വികസന ഫണ്ട് - പൊതു വിഭാഗം |

പ്രൊജക്റ്റുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.14/12.12.2022)

## 1-25 സർക്കാർ നിർദ്ദേശം ലംഘിച്ച് ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ഇല്ലാതെ കുടിവെള്ളം വിതരണം

2021 വർഷത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് 15.02.2021ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ:446/2021/തസ്വഭവ പ്രകാരം യഥേഷ്ടാനുമതി നല്കിയിരുന്നതാണ്.പ്രസ്തുത ഉത്തരവിൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിലാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നും,ജി.പി.എസ്. ലോഗും, വാഹനത്തിന്റെ ലോഗും താരതമ്യം ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ കരാറുകാരന് കുടിവെള്ള വിതരണത്തിന്റെ തുക അനുവദിക്കാവൂ എന്നും നിഷ്കർഷിച്ചിരുന്നതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ 16/02/21ന് തൃക്കൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിക്കുകയും, കുറവ് നിരക്ക് (ലിറ്ററിന് ₹1.22) രേഖപ്പെടുത്തിയ ശ്രീ.അനീഷ്.ടി.എ. തണ്ടേയ്ക്കൽ വീട്, മുട്ടിത്തറ,ആലേങ്ങാട് എന്നവരുടെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.02.21ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 26.02.21ന് ശ്രീ. അനീഷ്, സെക്രട്ടറിയുമായി കരാറിൽ ഒപ്പിട്ടിട്ടുള്ളതും, കരാറിന്റെ 5-ാം നമ്പർ വ്യവസ്ഥ പ്രകാരം 'ആഴ്ചതോറും (ശനിയാഴ്ച വരെയുള്ളത്) ട്രിപ്പ് ഷീറ്റും,ബില്ലും, ജി.പി.എസ്. ട്രാക്ക് റെക്കോർഡും ഗ്രാമപഞ്ചായത്തിലെ അതത് വാർഡ് മെമ്പർ ഒപ്പുവെച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിങ്കളാഴ്ച 3 മണിയ്ക്ക് മുമ്പായി ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കണമെന്ന് ' വ്യവസ്ഥചെയ്തിരുന്നതുമാണ്.

എന്നാൽ 11.05.21ന് ചേർന്ന ഭരണസമിതിയോഗത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കരാറുകാൻ പ്രവൃത്തിയുടെ പണം അനുവദിച്ചുകിട്ടുന്നാതിനായി സമർപ്പിച്ച രേഖകളിൽ ജി.പി.എസ്. ട്രാക്ക് റെക്കോർഡ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ, സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് കുടിവെള്ള വിതരണത്തിന്റെ തുക അനുവദിക്കാനാവില്ല എന്ന് യോഗത്തിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഭരണ സമിതിയുടെ 3-ാം നമ്പർ തീരുമാന പ്രകാരം, ജി.പി.എസ്. ട്രാക്ക് റെക്കോർഡ് സമർപ്പിച്ചിട്ടില്ലെങ്കിലും, കുടിവെള്ളം വിതരണം നടത്തിയ കരാറുകാരന് തുക അനുവദിച്ച് നല്കണം എന്ന് തീരുമാനിക്കുകയും, പ്രസ്തുത യോഗത്തിന്റെ 2-ാം നമ്പർ തീരുമാനപ്രകാരം ആയതിനുള്ള അനുമതിയ്ക്കായി ജില്ലാ കളക്ടറോട് അപേക്ഷിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ഇല്ലാതെ കുടിവെള്ള വിതരണം നടത്തിയ സാഹചര്യത്തിൽ കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം തേടേണ്ടതാണെന്ന് ജില്ലാ കളക്ടർ 21.06.2021ലെ K2-1506/21 നമ്പർ കത്തു പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നതുമാണ്.

എന്നാൽ ഭരണസമിതിയുടെ 14.0721 ലെ 16/1 നമ്പർ തീരുമാനം,27.07.21ലെ 3/1 നമ്പർ തീരുമാനം എന്നിവയിൽ കുടിവെള്ള വിതരണം കാര്യക്ഷമമായി നടന്നിട്ടുണ്ടെന്നും, ആയതിനാൽ ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ഇല്ലാതെ തന്നെ കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിച്ച് നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ നടപടിയുടെ സാധൂകരണത്തിന് സർക്കാരിലെയ്ക്ക് സമർപ്പിക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ 29.07.2021ന് സർക്കാർ സാധൂകരണത്തിനായി ബി2-298/21 നമ്പരായി കത്തെഴുതിയിട്ടുള്ളതുമാണ്. 2021 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിന് കരാറുകാരനായ ശ്രീ. അനീഷ്.ടി.എ.യ്ക്ക് താഴെ പറയും പ്രകാരം തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്.

| ക്രമ നം | വൌച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 22100143 | 14.05.21 | 1,00,000 |

| | | | |
|---|---|---|---|
| 2 | 22100485 | 24.08.21 | 2,00,000 |
| 3 | 2210.668 | 04.10.21 | 92,150 |
| ആകെ | | | 3,92,150 |

18.08.2021ലെ 153/എഫ്.എം.3/2021/ത.സ്വ.ഭ.വ നമ്പർ കത്ത് മുഖേനെ തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തൃക്കൂർഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണത്തിന് തുക അനുവദിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം കേരള പഞ്ചായത്തീ രാജ് നിയമം 191(4) നമ്പർ വകുപ്പ് പ്രകാരം തല്ക്കാലത്തേയ്ക്ക് നിർത്തിവെയ്ക്കുന്നതിന് നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ ഈ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് മേൽ പറഞ്ഞ പ്രകാരം അവസാന ഗഡു തുക കരാറുകാരന് നല്കിയത്.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുടിവെള്ള വിതരണം നടത്തിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ തുടർ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാകേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം.20/13.12.2022 ) മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.

## 1-26 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടെക്നിക്കൽ അസിസ്റ്റന്റിന്-ആർജിതാവധി സറണ്ടർ അനുവദിച്ചു

2021-22 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം മാറ്റി വെച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

17.07.2020-ലെ GO(P)No.94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ നിയന്ത്രണ കാലാവധി 15.09.2020 വരെയും 5.11.20ലെ GO(P)No.152/2020/Fin ഉത്തരവ് പ്രകാരം 31.5.2021 വരെയും 26.7.21ലെ GO(P)No.104/2021/Fin ഉത്തരവ് പ്രകാരം 1.6.21 മുതൽ 6 മാസത്തേക്കും തുടർന്ന് 1.12.21ലെ GO(P)No.160/2021/Fin പ്രകാരം 2021-22 സാമ്പത്തിക വർഷാവസാനം വരേക്കും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. 27.04.2020-ലെ GO(P)No.49/2020/Fin ഉത്തരവ് പ്രകാരം താൽക്കാലിക ജീവനക്കാർക്ക് കൂടി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം, 2021-22 സാമ്പത്തിക വർഷത്തിൽ ആർജിതാവധി സറണ്ടർ ആനുകൂല്യം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ.ശ്യാംമോഹൻ.കെ.യ്ക്ക് 22.03.2022 ലെ 22101423 നമ്പർ ചലാൻ പ്രകാരം 15 ദിവസത്തെ ആർജിതാവധി പണമാക്കി ₹15,497/- അനുവദിച്ചിട്ടുള്ളതാണ്. മേൽ പറഞ്ഞ സർക്കാർ ഉത്തരവുകളുടെ പശ്ചാത്തലത്തിൽ, 'ലീവ് സറണ്ടർ' അനുവദിച്ചത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് / രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.13/12.12.22ന് മറുപടി നല്കിയിട്ടില്ലാത്തതാണ്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കാലി ടാർ വീപ്പയുടെ വില കരാറുകാരിൽ നിന്നും ഈടാക്കാതെ മുഴുവൻ തുകയും കരാറുകാർക്ക് നല്കിയിട്ടുണ്ട്. കാലി ടാർ വീപ്പയുടെ വില ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക ബില്ലിൽ കുറവ് ചെയ്ത് കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും മേൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. പ്രോജക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ. | ട്രഷറി ബിൽ നമ്പർ, തിയതി, തുക. | കരാറുകാരന്റെ പേര്. |
|---|---|---|---|
| 1. | മാവിൻ ചുവട് പുതിയ മുസ്ലീം പള്ളി പുല്ലത്തി റോഡ് മെയിന്റൻസ്. S0139/22. | 1/2021 -22. Dtd.27.7.21. 150207/ - | സാബു.O.K. |
| 2. | പാലക്കപ്പറമ്പ് കരുവാൻകുന്ന് റോഡ് റി - ടാറിംഗ്. S0142/22 | 11/2021 -22. Dtd.26.11.21. 35577/ - | സാബു.O.K. |
| 3. | ആദൂർ കിണർ പച്ചിളിപുറം റോഡ് റീ -ടാറിംഗ്. S0140/22. | 16/2021 -22. Dtd.25.1.22. 225146/ - | ലേബർ സൊസൈറ്റി മറ്റത്തൂർ |

| | | | |
|---|---|---|---|
| 4. | കോട്ടായി കപ്പേള എസ്റ്റേറ്റ് റോഡ് റി -ടാറിംഗ്. So130/22. | 46/21 -22.dtd.30.3.22. 166475/ - | സാബു.O.K. |

മുകളിൽ പറഞ്ഞിരിക്കുന്ന റോഡ് പ്രവൃത്തികളിലെ കാലി ടാർ വീപ്പയുടെ വില ബിറ്റുമിന്റെ അളവനുസരിച്ച് എണ്ണം കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും മേൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ക്ഷീര സഹകരണ സംഘം മുഖേന പാൽ അളക്കുന്നവർക്ക് സബ്സിഡി | 200000 | 0 |
| | 2021-22 | 680000 | ലൈഫ് ഭവന പദ്ധതി (എസ്സി) | 680000 | 0 |
| | 2021-22 | 279000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 279000 | 0 |
| | 2021-22 | 200000 | വയോജനങ്ങൾക്ക് കട്ടിൽ | 200000 | 0 |
| | 2021-22 | 887560 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം ( ലൈഫ് മിഷൻ - ജനറൽ ) | 887560 | 0 |
| | 2021-22 | 21448 | പകൽ വീട് | 21448 | 0 |
| | 2021-22 | 200000 | ക്ഷീര സഹകരണ സംഘം മുഖേന പാൽ | 200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | | | അളക്കുന്നവർക്ക് സബ്സിഡി | | |
| | | 2021-22 | 600000 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 600000 | 0 |
| | | 2021-22 | 340000 | ലൈഫ് ഭവന പദ്ധതി (എസ്സി) | 340000 | 0 |
| | | 2021-22 | 225000 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 225000 | 0 |
| | | 2021-22 | 296600 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 296600 | 0 |
| | | 2021-22 | 100000 | വയോജനങ്ങൾക്ക് കട്ടിൽ | 100000 | 0 |
| | | 2021-22 | 2060000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം ( ലൈഫ് മിഷൻ - ജനറൽ ) | 2060000 | 0 |
| | | 2021-22 | 324119 | പല്ലിയേറ്റീവ് പരിചരണം | 324119 | 0 |
| | | 2021-22 | 1199472 | വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1199472 | 0 |

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ഓഡിറ്റ് വർഷത്തെ കണക്കുകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 22101622<br>22101634<br>252100101 | 145373 (46278+49190+49905)<br>8546<br>483081 (201767+281314) | 0<br>0<br>281314 | 145373<br>8546<br>201767 |
| കേരള വാട്ടർ അതോറിറ്റി | അയ്യപ്പൻകുന്ന് കടിവെള്ള പദ്ധതി മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് വാട്ടർ | 22101624 | 1777500 | 0 | 1777500 |

| | | | | | |
|---|---|---|---|---|---|
| | അതോറിറ്റിയ്ക്ക് തുക കൈമാറുന്ന | | | | |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ വലിക്കലിനും പോസ്റ്റ് മാറ്റലിനും തുക ഡെപ്പോസിറ്റ് ചെയ്യൽ | 22101636<br>22101638<br>22101639 | 214233<br>24599<br>9703 | 0<br>24599<br>9703 | 214233<br>0<br>0 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ആദൂർ ശ്മശാനത്തിൽ കുഴൽ കിണർ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 22101349<br>22101589 | 1935<br>99000 | 0<br>0 | 1935<br>99000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പി എച്ച് സി യിലേയ്ക്ക് കുഴൽ കിണർ നിർമ്മാണം ഗ്രൗണ്ട് വാട്ടർ അതോറിറിറിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 22101333<br>22101585 | 1935<br>61000 | 0<br>0 | 1935<br>61000 |
| കേരള വാട്ടർ അതോറിറ്റി | അയ്യപ്പൻകുന്ന് മോട്ടോർ വാങ്ങൽ അധിക തുക ഡെപ്പോസിറ്റ് ചെയ്യൽ | | 155903<br>66597 | 0<br>0 | 155903<br>66597 |

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ഓഡിറ്റ് വർഷത്തെ ഡെപ്പോസിറ്റ് കണക്കുകളുടെ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ് ഗാന്ധി സമ്പൂർണ്ണ പാർപ്പിട പദ്ധതി | | 2,00,00,000 | 90,33,900 | 15,59,757 | | 74,74,143 |
| ഹഡ്കോ ലോൺ | | | 11052840 | 10,26,667 | - | 1,00,26,173 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. വായ്പാ കണക്കിലെ

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-10-10 ൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2-1 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. | തീർപ്പാക്കിയിട്ടില്ല |
| 2015-16 | 2-1 | 2016-17 | 2-1 | ജീവനക്കാരിൽനിന്നും ഒരു അർദ്ധ വർഷത്തെ മാത്രം തൊഴിൽ നികുതി ഈടാക്കിയില്ല. | തീർപ്പാക്കിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,18,26,586 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,57,27,852 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 ചെലവ് | LFT.16-1546/2000 Dt.3.12.2000/ 8.1.01 | 3 | 53,54,55 | |
| 2 | 1999-2000 വരവ് | LFT9-899(ബി)/07 Dt.6.3.08/ 4.7.08 | 5 എണ്ണം | 2-3,3-1, 3-3(1,5), 3-5,3-8 | |
| 3 | 1999-2000 2001-02 | LFT9-1081/03 Dt.13.10.04/ 7.2.04 | 20 എണ്ണം | 5,6,7,8,9,10,11, 12,13,14,15,16, 17,18,19,20,21, 22,23,24 | |
| 4 | 2000-01 | LFT9-2208/07 Dt.10.09.08/ 3.11.08 | 1 | 3-1 | |
| 5 | 2003-04 | LFT9-2369/07 Dt.10.09.08/ 3.11.08 | 3 | 3-8,3-9,3-10 | |
| 6 | 2004-05 | LFT9-202/09 Dt.21.12.09 | 2 | 3-4, 3-12 | |
| 7 | 2005-06 | LFT9-2270/19 Dt.22.9.10/ 6.6.11 | 6 | 3-5,3-6,3-7,3-8, 3-9,3-10 | |
| 8 | 2006-07 | LFT9-2271/09 Dt.22.9.10/ 6.6.11 | 5 | 2-1(ബി), 3-2, 3-3, 3-5,3-6 | |
| 9 | 2007-08 | LFT(P2)-729/12 Dt.17.9.12 | 5 | 3-3, 3-4(2), 3-5, 3-6,3-8 | |
| 10 | 2008-09 | LFT(P2)-730/12 Dt.17.9.12/ 1.12.12 | 3 | 3-6, 3-7,3-8 | |
| 11 | 2009-10 | LFT(P2)-731/12 Dt.17.9.12/ 1.12.12 | 5 | 2-1,2-2,3-1, 3-2,3-3(1,2) | |
| 12 | 2010-11 | LFT(P2)-1102/12 Dt.17.9.12/ 1.12.12 | 2 | 2-1,3-5 | |
| 13 | 2011-12 | LFT(P6)-856/13 Dt.20.8.13/ 6.1.14 | 7 | 2-3,3-1,3-2, 3-4,3-9,3-10, 3-12 | |
| 14 | 2012-13 | LFT(P6)-359/14 Dt.12.8.14/ 10.11.14 | 8 | 2-5,3-1,3-2, 3-4,3-5,3-7, 3-8,3-9 | |
| 15 | 2013-14 | KSATSR(P6)-731/15 Dt.14.10.15 | 5 | 2-1,3-3,3-6, 3-7,3-10 | 2-1 (പഞ്ചായത്തിൽ കേസ്) |
| 16 | 2014-15 | KSATSR(P6)-1256/16 | 4 | 2-1,3-1,3-2,3-5 | 2-1(CAR) |

| | | | | | |
|---|---|---|---|---|---|
| | | Dt.28.7.16 | | | |
| 17 | 2015-16 | KSATSR(P6)-2058/16 Dt.22.11.16 | 4 | 2-1, 1-3 (Accounts), 2-1(CAR), 2-5, 3-9 | 2-1(CAR) |
| 18 | 2016-17 | KSATSR(P6)1442/17 Dt.9.10.17/ 22.11.17 | 12 | 1-3 (Account), 1-10, 2-2, 2-3, | 2-2 (പഞ്ചായത്തിൽ കേസ്) |
| | | | | 2-4,2-5,3-3, 3-4, 3-5,3-6,3-9, 3-10 | 2-5 (പഞ്ചായത്തിൽ കേസ്) |
| 19 | 2017-18 | KSATSR(P6)1840/18 Dt.4.12.18 | 26 | 1-12 (Accounts) 2-1,2-2,2-3, 2-5,2-6,3-1, 3-2,3-3,3-4, 3-5,3-6,3-7, 3-8,3-10,3-11, 3-12,3-13, 3-15,3-16, 3-18,3-21, 3-24,3-25, 3-26,3-27 | |
| 20 | 2018-19 | KSATSR(P9)116/20 Dt.25.05.20/11.06.20 | 16 | 1-11,1-14,1-15, 1-16,1-17,1-18, 1-19,1-20, 1-21,1-22,1-23, 1-24,1-25,1-26, 1-27,1-28 | |
| 21 | 2019-20 | KSATSR(P14)10/2022 Dt.03.07.22 | 36 | 1-11,1-12,1-13, 1-14,1-15,1-16, 1-17,1-18,1-19, 1-20,1-21,1-22, 1-23,1-24,1-25, 1-26,1-27,1-28, 1-30,1-31,1-32, 1-33,1-34,1-35, 1-36,1-37,1-38, 1-39,1-40,1-41, 1-42,1-43,1-44, 1-45,1-46,1-47 | |
| 22 | 2020-21 | KSATSR(P14)11/2022 Dt.03.07.22 | 40 | 1-11,1-12,1-13, 1-14,1-15,1-16, 1-17,1-18,1-19, 1-20,1-21,1-22, 1-23,1-24,1-25, 1-26,1-27,1-28, 1-29,1-30,1-31, 1-32,1-33,1-34, 1-35,1-36,1-37, 1-38,1-39,1-40, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-41,1-42,1-43, 1-44,1-45,1-46, 1-47,1-48,3-1, 3-2 | |
| | ആകെ | | 218 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്